IV സബ്മിഷൻ

(1) നോട്ടുബുക്കുകളുടെ വിതരണം

ശ്രീ. കെ. ടി. കണാരൻ: സർ, കഴിഞ്ഞവർഷങ്ങളിൽ നമ്മുടെ വിദ്യാർത്ഥികളുടെ ക്ഷേമം മുൻനിറുത്തി നോട്ടുബുക്കുകൾ നിർമ്മിച്ച് സൗജന്യമായി വിതരണം ചെയ്യുന്ന സമ്പ്രദായമുണ്ടായിരുന്നു. ഇന്ന് അറിഞ്ഞോ അറിയാതെയോ ആ സമ്പ്രദായം പൊളിച്ചിരിക്കുകയാണ്. ഒരുരൂപ മുപ്പതുപൈസയാണ് 200 പേജുകളുള്ള നോട്ടു ബുക്കിന് അധിക വില. ഇന്ന് നമ്മുടെ വിദ്യാർത്ഥികൾ ബുക്കിനുവേണ്ടി കഷ്ടപ്പെടുകയാണ്. കേന്ദ്രഗവൺമെൻറിൽനിന്ന് യഥാസമയം കടലാസ് വാങ്ങിച്ച് ഈ സെൻറുകളിൽ എത്തിച്ച് നോട്ടുബുക്കായി വിതരണം ചെയ്യാനുള്ള സാദ്ധ്യത നിലച്ചിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ ബുക്കു കച്ചവടക്കാരെ സഹായിക്കുന്നതിനുവേണ്ടിയുള്ള ഒരു പരിപാടിയല്ലേ ഇത്? പാവപ്പെട്ട വിദ്യാർത്ഥികളോടും രക്ഷാകർത്താക്കളോടും കൊലച്ചതി ചെയ്യുകയാണ്. കോഴിക്കോടുജില്ലയിൽ നോട്ടുബുക്ക് നിർമ്മിക്കുന്നതിനുവേണ്ടി ഇരുപതിനായിരം റീം കടലാസാണ് കഴിഞ്ഞ പ്രാവശ്യം ലഭിച്ചത്. ഈ പ്രാവശ്യം 4500 റീമാണ് ലഭിച്ചത്. അതും മേയ്മാസാവസാനം. വിവിധ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ഓരോ കൊല്ലത്തിലും ഇത്രയും ബുക്ക് വിതരണം ചെയ്യണമെന്നുണ്ട്. അത് ഈ പ്രാവശ്യം വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. ഇതിന് ഉത്തരവാദികൾ ആരായാലും അവരെ കണ്ടുപിടിച്ച് അവരുടെമേൽ നടപടികളെടുക്കണമെന്നാണെനിക്കു പറയാനുള്ളത്. കേന്ദ്രഗവൺമെൻറിൽനിന്ന് കടലാസ് വാങ്ങിയിട്ട് നോട്ടുബുക്കുണ്ടാക്കി വിതരണം ചെയ്യാത്തത് കഷ്ടമായിപ്പോയി. ഇതിന് ആരാണ് കുറ്റക്കാർ എന്നുള്ളതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി അന്വേഷിക്കണം.

വിദ്യാഭ്യാസമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, നമ്മുടെ സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് അവശ്യമായ നോട്ടു
10 A. M. ബുക്കുകൾ മുഴുവൻ സ്കൂൾവഴി നിർമ്മിച്ച് നൽകാൻ കഴിയുകയില്ല. കാരണം നമുക്ക് കേന്ദ്രഗവൺമെൻറിൽനിന്ന് കൺസഷൻ റേറിൽ കിട്ടുന്ന പേപ്പറാണ് കുട്ടികളുടെ നോട്ടുബുക്കു നിർമ്മാണത്തിനുവേണ്ടി സ്കൂളുകൾവഴി വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. കഴിഞ്ഞവർഷം ലഭിച്ച പേപ്പറിൻെറ കാട്ടാ വളരെ കുറഞ്ഞുപോയിരുന്നു. അങ്ങനെ കിട്ടിയ പേപ്പർ മുഴുവൻ കുട്ടികളുടെ നോട്ടുബുക്കു നിർമ്മാണത്തിനുവേണ്ടി സ്കൂളുകളിൽ എത്തിച്ചുകൊടുക്കുകയും സ്കൂളിൽത്തന്നെ അദ്ധ്യാപകരും കുട്ടികളും സഹകരിച്ച് നോട്ടുബുക്കുകൾ നിർമ്മിച്ചു കൊടുക്കുകയുമാണ് ചെയ്തിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പറുടെ ജില്ലയിൽ ലഭ്യമായ പേപ്പർ ഉപയോഗപ്പെടുത്താതിരിക്കുകയോ എന്തെങ്കിലും കുഴപ്പങ്ങൾ ഉണ്ടാക്കുകയോ ചെയ്തിട്ടുണ്ടെന്ന് തെളിഞ്ഞാൽ അതിൻമേൽ അന്വേഷണം നടത്താനും ശിക്ഷിക്കാനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(2) കരിമുകളിലെ അന്തരീക്ഷമലിനീകരണം

* ശ്രീ. ടി. എച്ച്. മുസ്തഫ: സർ, വളരെ വേദനയോടുകൂടി ഈ സഭയിൽ 3-ാമത്തെ പ്രാവശ്യമാണ് ഞാൻ ഈ കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നത്. എൻെറ നിയോജകമണ്ഡലത്തിൽപ്പെട്ട അമ്പലമുകൾ-കരിമുകൾ

LIBRARY ARCHIVES Kerala Legislative Assembly

ഭാഗം ഒരു വ്യാവസായിക കേന്ദ്രമാണ്. അവിടെയാണ് എഫ്.എ.സി.ടി. യുടെ കൊച്ചിൻ ഡിവിഷനും കൊച്ചിൻ ഓയിൽ റിഫൈനറിയും പ്രവർത്തിച്ചു വരുന്നത്. അതുമൂലമുണ്ടായ എയർ പൊല്യൂഷനും വാട്ടർ പൊല്യൂഷനും ഈ നാട്ടിലെ ജനജീവിതത്തെ ദുസ്സഹമാക്കിയ ഘട്ടത്തിലാണ് ഇടിവെട്ടേറവനെ പാമ്പുകടിച്ചു എന്നു പറഞ്ഞതുപോലെ കാർബൺ ആൻറ് കെമിക്കൽസ് എന്നൊരു കമ്പനി വന്നത്. അതോടു കൂടി അവിടെ ജീവിക്കാൻ വയ്യാത്ത അവസ്ഥയായിരിക്കുന്നു. അവിടെ നിന്നുവരുന്ന പൊടിയും കരിയും ദുർഗന്ധവും ആ നാട്ടിലെ ജനജീവിതത്തെ താറുമാറാക്കിയിരിക്കുന്നു. മാത്രമല്ല, പരിശോധന നടത്തിയപ്പോൾ ഏറ്റവും കൂടുതൽ കാൻസർരോഗികളുള്ളത് ഈ പ്രദേശത്താണ്. കാൻസർ വരാൻ കാരണമാകുന്ന വിഷവായുവാണ് അവിടെ നിന്ന് വമിക്കുന്നത്. എന്നാണ് വിദഗ്ദ്ധൻമാർ പറയുന്നത്. അതിൻമേൽ ആവശ്യമായ നടപടികളെടുക്കണമെന്ന് ഈ സഭയിൽത്തന്നെ രണ്ടു പ്രാവശ്യം ഞാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അങ്ങനെ ആവശ്യപ്പെട്തിന്റെ അടിസ്ഥാനത്തിൽ പൊല്യൂഷൻ കൺട്രോൾ ബോർഡ് അവരുടെ ഒരു കമ്മിറ്റിയെ 6-1-85-ൽ നിയമിച്ച് വിദഗ്ദ്ധ പരിശോധന നടത്തിയപ്പോൾ അതുമായി സഹകരിക്കാൻ ആ കമ്പനി മാനേജുമെൻറ് തയ്യാറായില്ല. മുഴുവൽ കപ്പാസിറ്റിയും ഉപയോഗിച്ച് കമ്പനി പ്രവർത്തിച്ചാൽ മാത്രമേ അത് എത്രമാത്രം ദോഷംചെയ്യുമെന്ന് മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. അതിന്റെ പ്രൊഡക്ഷൻ കപ്പാസിറ്റിയുടെ 15 ശതമാനം മാത്രമേ ഉൽപ്പാദിപ്പിക്കപ്പെടുന്നുള്ളൂ എന്നും അതുതന്നെ അപകടകരമാണെന്നും അതിന്റെ 50 ശതമാനമാക്കി കുറക്കണമെന്നും ആ കമ്മിറ്റി നിർദ്ദേശിച്ചു. അങ്ങനെ കുറച്ചില്ലെങ്കിൽ അത് ജനജീവിതത്തെ ദോഷകരമായി ബാധിക്കുമെന്ന് അവർ റിപ്പോർട്ട് ചെയ്തിരുന്നു. എന്നിട്ടുപോലും അതിന്റെ ഒരു മെട്രിക്കുപോലും അവർ പ്രൊഡക്ഷൻ കുറച്ചിട്ടില്ല. ഇപ്പോഴും ആ ദ്രോഹനടപടി തുടരുകയാണ്. ആ ഫാക്ടറിയുടെ മുമ്പിൽ നാലഞ്ചു വീടുകളുണ്ട്. അവർക്ക് ഭക്ഷണം പാകംചെയ്യാനും കിടന്നുറങ്ങാനും കഴിയുന്നില്ല. മുലകുടി മാറാത്ത കുഞ്ഞുങ്ങൾ കരിയിൽ മുങ്ങിക്കുളിച്ചു നിൽക്കുന്ന കാഴ്ച വളരെ ദയനീയമാണ്. ഈ പ്രദേശത്തെ ജനങ്ങളുടെ ജീവൻ കണക്കിലെടുത്ത് ഈ ഗവൺമെൻറിന് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനുള്ള ബാദ്ധ്യതയുള്ളതുകൊണ്ട് ആ ബാദ്ധ്യത കണക്കിലെടുത്ത്, അത് നിറവേറ്റാൻ ഗവൺമെൻറ് തയ്യാറാകണം. ഒരു സ്വകാര്യ മുതലാളി ഈ രാജ്യത്തെ ജനങ്ങളുടെ ആരോഗ്യം തകർത്ത് അവരുടെ ജീവൻ നശിപ്പിക്കുന്ന ഒരു ഏർപ്പാടുണ്ടാകാൻ പാടില്ല. ഇതിനെക്കുറിച്ചാലോചിച്ച് ആ കമ്പനി അടച്ചുപൂട്ടാനുള്ള നിർദ്ദേശം നൽകണമെന്ന് വിനീതമായി അപേക്ഷിക്കുകയാണ്. ഈ റിപ്പോർട്ട് മേശപ്പുറത്തു വെക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ഈ കാര്യം ഇതിനുമുൻപും സഭയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇതിനാവശ്യമായ നടപടികളും സ്വീകരിക്കണമെന്ന് വായു മലിനീകരണ നിയന്ത്രണ ബോർഡിനോട് അവശ്യപ്പെട്ടിട്ടുണ്ട്. അതനുസരിച്ച് ഒരു കമ്മിറ്റിയെ നിയമിച്ചു. ആ കമ്മിറ്റി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിൽ പറയുന്നത് ഇന്നത്തെ നിലയിൽ ഉൽപ്പാദനം നടത്തിയാൽ ഇത് സാരമായി ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കും എന്നുള്ളതുകൊണ്ട് ഉൽപ്പാദനം കുറയ്ക്കണമെന്നാണ്. അതുപോലെ ആവശ്യമായ മറ്റു പരിഷ്കാരങ്ങളെ സംബന്ധിച്ചും അവർ

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശം വെച്ചിട്ടുണ്ട്. ഇപ്പോഴത്തെ ഉല്പാദനം പകുതിമാത്രമേ നടത്തുന്നുള്ളു എന്നാണ് കമ്പനിയിൽനിന്നും കൊടുത്തിട്ടുള്ള മറുപടി. എങ്കിലും 75 ശതമാനത്തിൽ കൂടുതൽ ഉൽപ്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ലെന്ന് അവർ അറിയിച്ചിരിക്കുകയാണ്. പക്ഷേ ഇതൊക്കെ അറിയിച്ചിട്ടുണ്ടെങ്കിലും ചുറ്റുമുള്ള ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടെന്നുള്ളതാണ് യാഥാർത്ഥ്യം. ബോർഡിനെതിരെ കോടതിയിൽ കേസ് ഫയൽചെയ്യുക എന്നുള്ളതാണ് ഇതിനുള്ള പരിഹാരമാർഗ്ഗം. ഇത് നിരോധിക്കാനോ പൂട്ടിയിടാനോ ഉള്ള അധികാരം ഈ ബോർഡിനില്ല. ഫാക്ടറീസ് ആക്ടോ മറ്റു നിയമങ്ങളോ അനുസരിച്ച് എന്തു ചെയ്യാൻ സാധിക്കുമെന്ന് ഗവൺമെന്റ് പരിശോധിക്കാം. എങ്കിലും മാനേജുമെന്റിനെതിരായിട്ട് നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിന് ബോർഡ് ശ്രമിക്കുന്നുണ്ട്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(3) ഗുജറാത്തിൽ ചെമ്മീൻ സംസ്കരണത്തിലേർപ്പെട്ടിരിക്കുന്ന മലയാളി പെൺകുട്ടികൾ

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: സർ, കഴിഞ്ഞ രണ്ടു വർഷങ്ങൾക്കുമുമ്പ് ഈ സഭയിൽ ഞാൻ അവതരിപ്പിച്ച അതേ പ്രശ്നംതന്നെയാണ് ഞാൻ ഇന്നും ഉന്നയിക്കുന്നത്. ഈ പ്രശ്നം ഉന്നയിച്ച ദിവസം ദൗർഭാഗ്യകരമായ ഒരു സംഭവം നടന്നു. അന്ന് നമ്മുടെ പ്രധാനമന്ത്രിക്ക് വെടിയേറ്റ ദിവസമായിരുന്നു. ആലപ്പുഴ ജില്ലയിൽ മാവേലിക്കര, ചെങ്ങന്നൂർ, കാർത്തികപ്പള്ളി എന്നീ പ്രദേശങ്ങളിൽനിന്ന് ഗുജറാത്തിലെ ചെമ്മീൻവ്യവസായികൾ ചെമ്മീൻ ശരിയാക്കുന്നതിനുവേണ്ടി, പീലിങ്ങിനുവേണ്ടി, പെൺകുട്ടികളെ കൊണ്ടുപോകുന്ന സമ്പ്രദായമുണ്ട്. ഇപ്പോഴും അത് നിർബാധം തുടരുകയാണ്. നൂറുകണക്കിന് പെൺകുട്ടികളെ അവിടെ കൊണ്ടുപോയി അടിമകളെപ്പോലെ പണിയെടുപ്പിച്ച് അവർ നരകതുല്യമായ ജീവിതമാണ് നയിക്കുന്നത്. ഇപ്പോൾ പദ്മഭൂഷൺ കിട്ടിയ, മക്സാസെ അവാർഡു കിട്ടിയ ഏലാ ആർ. ഭട്ട് എന്നു പറയുന്ന സാമൂഹ്യ പ്രവർത്തകയാണ് ''ടൈംസ് ഓഫ് ഇൻഡ്യ'' യിൽ ഒരു ലേഖനത്തിലൂടെ ഈ പ്രശ്നം ആദ്യമായി ബഹുജനങ്ങളുടെ ഇടയിൽ കൊണ്ടുവന്നത്. ഇങ്ങനെ പെൺകുട്ടികളെ ഇതുപോലെ കൊണ്ടുപോകുന്ന റിക്രൂട്ടിങ് ഏജൻറുമാർ പല ഭാഗത്തുമുണ്ട്. മാവേലിക്കരയിലും പരിസരത്തുംനിന്ന് കൊണ്ടുപോകുന്ന കാര്യം മാത്രമേ എനിക്കറിയുകയുള്ളൂ. തുച്ഛമായ വേതനംവാങ്ങി ദുരിതപൂർണ്ണമായ ജീവിതം നയിക്കുന്ന പെൺകുട്ടികൾ അവിടെ ചെന്നിട്ട് ഈ ചെമ്മീൻ വ്യവസായികളുടെ മറ്റു ചില അസാൻമാർഗ്ഗിക നടപടികൾക്ക് നിർബന്ധിക്കപ്പെടുകയും അവസാനം ബോംബെയിലെ ചുവന്നതെരുവിലേക്ക് അവരുടെ ജീവിതം ഹോമിക്കപ്പെടുകയും ചെയ്യുന്ന സ്ഥിതിയാണുള്ളത്. ഇതിനെ സംബന്ധിച്ച് അന്വേഷിക്കാമെന്ന് മുഖ്യമന്ത്രി പറഞ്ഞു. അന്നത്തെ സാഹചര്യത്തിൽ അന്വേഷിച്ചില്ലെങ്കിൽ അതിനെ ഞാൻ കുറ്റം പറയുകയില്ല. നിശ്ചയമായും ഇതിനെക്കുറിച്ച് അന്വേഷിക്കാൻ ഈ നിയമസഭയിലെ രണ്ടുമൂന്നു എം.എൽ.എ. മാർ അടങ്ങിയ ഒരു കമ്മിറ്റിയെ നിയോഗിക്കണം. ഇത് നമ്മുടെ പെൺകുട്ടികളുടെ മാനത്തിന്റെയും ജീവിതത്തിന്റെയും പ്രശ്നമാണ്. അതുകൊണ്ട് അതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly